## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4255** **28-10-2021 - ൽ മറുപടിയ്ക്ക്**

## അനധികൃത ക്വാറിയിംഗ് പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളും മിനറൽ സ്ക്വാഡുകളും ക്വാറികളിൽ നിരന്തര പരിശോധന നടത്താറുണ്ട്. അനധികൃത ഖനനം കണ്ടെത്തിയാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ആതാതു ജില്ലകളിലെ ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ് എന്നിവരെ കൂടാതെ നിലവിലുള്ള ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഖനനവുമായി ബന്ധപ്പെട്ടുള്ള പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുവാൻ വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള റവന്യു ഉദ്യോഗസ്ഥരെയും പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥ രെയും അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട കോടതികളിൽ കേസ് ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർ, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്, ജില്ലാ ജിയോളജിസ്റ്റ് എന്നിവരെയും അധികാരപ്പെടുത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പ് നടപ്പിലാക്കിയ ഓൺലൈൻ സേവനമായ കേരള ഓൺ ലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സെർവീസസ് (KOMPAS) ഉപയോഗിച്ച് നിലവിൽ ഖനനാനുമതി ലഭിച്ച ക്വാറികളുടെ പ്രവർത്തനം വിലയിരുത്താനും, ഓൺ ലൈൻ ആയി ധാതു ഗതാഗതത്തിനുള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കുന്നതിലൂടെ ധാതു ഗതാഗതം ക്രമവൽക്കരിക്കുവാനും സാധിച്ചിട്ടുണ്ട്. അതിലൂടെ അനധികൃത ധാതു ഖനന ഗതാഗത |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾക്ക് ഗണ്യമായ കുറവ് വന്നിട്ടുള്ളതാണ്. |
| (ബി) | റവന്യൂ പുറമ്പോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഖനനത്തിനായി നൽകുന്ന അനുമതികളുടെ മറവിൽ അടുത്തുള്ള റവന്യൂ പുറമ്പോക്കിൽ നിന്നും ഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും റവന്യൂ വകുപ്പിനെ അറിയിക്കുകയും ചെയ്യാറുണ്ട്. |
| (സി) | ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ഒരോ ജില്ലയിലും പോലീസ്, റവന്യൂ മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തുന്നതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ 3 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ